**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 175** **16-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവിനെ തുടർന്ന് യുവതിയുടെ നെഞ്ചിൽ ഗൈഡ് വയർ കുടുങ്ങിയ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡാക്ടമി എന്ന ശസ്ത്രക്രിയക്ക് വിധേയയായിരുന്ന യുവതിയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി,. റേഡിയോഡയഗ്നോസിസ്, അനസ്തീഷ്യോളജി, ജനറൽ സർജറി എന്നീ വിഭാഗങ്ങൾ അടങ്ങിയ വിദഗ്ധ സമിതിയെ 2025 ഓഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ധ സമിതി 14-08-2025 ന് ആദ്യ യോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചുവെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്തുവാൻ സാധിക്കാത്തതിനാൽ ആർ സി സി , മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾ കൂടി പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ കെയർ, അനസ്തേഷ്യ , ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിരുന്നു. യുവതിയുടെ പരാതി ലഭിച്ചതിനെ തുടർന്ന് 03-09-2025 ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി ചേർന്നിരുന്നു. അന്നേ ദിവസം എല്ലാ ചികിത്സാ രേഖകളും സഹിതം പരാതിക്കാരിയോടും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നു. ആയത് പ്രകാരം പരാതിക്കാരി വിദഗ്ദ്ധ സമിതി മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽ ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ടിയാളുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായി മൊഴി നൽകിയിരുന്നു.<br><br>നിലവിലെ സമിതിയിലെ അംഗങ്ങൾക്കുപുറമെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ പ്രസ്തുത വിഷയം അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | ചികിത്സാ പിഴവിനെ തുടർന്ന് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായ യുവതിക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ബി) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ തൈറോഡോക്ടമി എന്ന ശസ്ത്രക്രിയക്ക് വിധേയയായിരുന്ന യുവതിയുടെ ശരീരത്തിൽ ഗൈഡ് വയർ കണ്ടെത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി,. റേഡിയോഡയഗ്നോസിസ്, അനസ്തീഷ്യോളജി, ജനറൽ സർജറി എന്നീ വിഭാഗങ്ങൾ അടങ്ങിയ വിദഗ്ദ്ധ സമിതിയെ 2025 ഓഗസ്റ്റ് മാസം ചുമതലപ്പെടുത്തിയിരുന്നു. വിദഗ്ദ്ധ സമിതി 14-08-2025 ന് ആദ്യ യോഗം ചേർന്ന് മെഡിക്കൽ രേഖകൾ പരിശോധിച്ചുവെങ്കിലും പൂർണ്ണമായ നിഗമനത്തിലെത്തുവാൻ സാധിക്കാത്തതിനാൽ ആർ സി സി , മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിൽ നൽകിയ ചികിത്സ, പരിശോധന എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ രേഖകൾ കൂടി പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, ക്രിട്ടിക്കൽ കെയർ, അനസ്തേഷ്യ , |

| | | | |
|---|---|---|---|
| | | | ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിരുന്നു. യുവതിയുടെ പരാതി ലഭിച്ചതിനെ തുടർന്ന് 03-09-2025 ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ചേംബറിൽ വിദഗ്ധ സമിതി ചേർന്നിരുന്നു. അന്നേ ദിവസം എല്ലാ ചികിത്സാ രേഖകളും സഹിതം പരാതിക്കാരിയോടും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരോടും സമിതിക്ക് മുമ്പാകെ ഹാജരാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം പരാതിക്കാരി വിദഗ്ധ സമിതി മുമ്പാകെ ഹാജരാകുകയും ടിയാളുടെ പക്കൽ ലഭ്യമായ രേഖകൾ സമിതി പരിശോധിക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ടിയാളുടെ ശസ്ത്രക്രിയ നടത്തിയതുമായി ബന്ധപ്പെട്ട ജീവനക്കാരും സമിതി മുമ്പാകെ ഹാജരായി മൊഴി നൽകിയിരുന്നു.<br><br>നിലവിലെ സമിതിയിലെ അംഗങ്ങൾക്കുപുറമെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ ഇന്റർവെൻഷണൽ റേഡിയോളജി, കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായം തേടുന്നതിനായി പ്രസ്തുത സ്ഥാപനത്തിലെ ഡോക്ടർമാരെ സമിതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റിലെ ഡോക്ടറെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ പ്രസ്തുത വിഷയം അന്വേഷണ ഘട്ടത്തിലാണ്. |
| (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവുകൾ നിരന്തരം ആവർത്തിക്കുന്ന സാഹചര്യത്തിൽ, ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് കർശനമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകാമോ? | (സി) | പൊതുജനങ്ങളിൽ നിന്നും ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ എത്രയും വേഗം തന്നെ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വീഴ്ച ഉള്ള കേസുകളിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ